# പി. കൃഷ്ണപിള്ള അവസാന യാത്ര

**2010.12.06**



തൃപ്പൂണിത്തുറയിലെ വീട്ടിൽ നിന്നാണ് പി. കൃഷ്ണപിള്ള അവസാനമായി യാത്രയായത്. മലബാറിൽ നിന്നും തിരുവിതാംകൂറി ലേക്കു വരുന്ന സഖാക്കളുടെ ട്രാൻസിറ്റ് പോയിന്റായിരുന്നു അമ്മ യുടെ തൃപ്പൂണിത്തുറയിലെ വീട്. അവിടെ നിന്നും കൈതപ്പുഴ കായൽ വഴി ഒരു രാത്രികൊണ്ട് ആലപ്പുഴ എത്താം.

അങ്ങനെയൊരു യാത്രയ്ക്കായിരുന്നു ഒരു സന്ധ്യയിൽ കൃഷ്ണ പിള്ള വരുന്നത്. വന്നയുടൻ ഞങ്ങളെ വിളിച്ചുപറഞ്ഞു: അച്ഛൻ സുഖമായിരിക്കുന്നു. ഒരു വിഷമവും വേണ്ട.

അതു ഞാൻ കേട്ടുപഴകിയ വാചകങ്ങളായിരുന്നു. കാരണം ഏതു സഖാവ് വീട്ടില് വന്നാലും ഇങ്ങനെയാകും അച്ഛനെക്കുറിച്ചു പറയുക. അവര് അച്ഛനെ കണ്ടിട്ടുപോലുമുണ്ടാകില്ല.

സത്യത്തിൽ കൃഷ്ണപിള്ള അച്ഛനെ കണ്ടിട്ടുണ്ടായിരുന്നു. കാരണം മലബാറിലായിരുന്നല്ലോ അച്ഛൻ ഒളിവിലേറെയും. നാട്ടികയിൽ അച്ഛൻ ഏറെക്കാലം ഒളിവിലിരുന്നിട്ടുണ്ട്. ഞാന് തൃശൂരിൽ തിരഞ്ഞെടുപ്പിൽ മത്സരിച്ചപ്പോൾ അച്ഛന് ഒളിവിലിരുന്ന നിരവധി വീടുകളിൽ പോകാനിടയായി.

കൃഷ്ണപിള്ള വരുമ്പോൾ തൃപ്പൂണിത്തുറയിൽ വലിയൊരു വാളണ്ടിയർ ക്യാമ്പ് നടക്കുകയാണ്. അഞ്ചാറ് ഏക്കർ വരുന്ന ഒരു പ്രദേശത്തായിരുന്നു ക്യാമ്പ്. അതെല്ലാം സന്ദർശിച്ച ശേഷമാണ് അദ്ദേഹം വീട്ടിലെത്തിയത്. അത്താഴം കഴിഞ്ഞ് കൃഷ്ണപിള്ള പറഞ്ഞു: ഞാൻ രാത്രിയിലെ വള്ളത്തിന് ചേർത്തലയ്ക്ക് പോകുകയാണ്.

ആരും തടസ്സം പറഞ്ഞില്ല. അദ്ദേഹം വേഗം പടിയിറങ്ങി. വേഗത്തിലാണ് അദ്ദേഹത്തിന്റെ നടപ്പ്. ഏതു പ്രദേശത്തായാലും വഴികൾ കൃഷ്ണപിള്ളയ്ക്ക് മനപ്പാഠമാണ്.

അത് കൃഷ്ണപിള്ളയുടെ അവസാന യാത്രയാണെന്ന് കരുതിയില്ല.

പാമ്പുകടിയേറ്റ് മരിച്ചതിന്റെ മൂന്നാം ദിവസം വീട്ടിൽ വന്ന ആരോ പറഞ്ഞാണ് വിവരമറിയുന്നത്. ''മിനിയാന്ന് പടിയിറങ്ങിപ്പോയ സഖാവ്....'' അത്രയും പറഞ്ഞുതീരും മുമ്പേ അമ്മ കരഞ്ഞു.

കൃഷ്ണപിള്ളയും ഭാര്യ തങ്കമ്മയും ഒന്നിച്ച് വീട്ടിൽ വന്നത് ഓർമ്മയില്ലെങ്കിലും തൃപ്പൂണിത്തുറയിലെ വീട്ടിൽ താമസിച്ചത് ഓർമ്മയുണ്ട്. ചേർത്തലയിൽ പി. എ. സോളമൻ സ്ഥാനാർത്ഥിയായിരുന്നപ്പോൾ തങ്കമ്മ പ്രചരണ ത്തിനിറങ്ങിയിരുന്നു. വളരെ സുന്ദരിയും മിടുക്കിയുമായിരുന്നു അവർ എന്ന് വീട്ടിൽ പറഞ്ഞുകേട്ടിരുന്ന താണ് മറക്കാതെ നിൽക്കുന്ന ഓർമ്മ.

ആക്ഷൻ നടക്കുമ്പോൾ കൃഷ്ണപിള്ള വയലാറിലില്ല. കെ.സി.ജോർജിനാണ് കൃഷ്ണപിള്ളയെക്കാൾ പുന്നപ്ര–വയലാറിന്റെ കാര്യത്തിൽ പങ്കുള്ളത്.



**പി.കൃഷ്ണപിള്ളയുടെ മൃതദേഹം ആലപ്പുഴ കയർ ഫാക്ടറി തൊഴിലാളി യൂണിയൻ ഓഫീസിന് മുന്നിൽ കൊണ്ടു വന്നപ്പോൾ. കൃഷ്ണപിള്ളയുടെ ഭാര്യ തങ്കമ്മ, സഹോദരി ഗൗരിയമ്മ എന്നിവർ സമീപം**

(കടപ്പാട് : മലയാള മനോരമ)